# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3931 — 24.08.2017-ൽ മറുപടിയ്ക്ക്

## സ്കൂൾ - കോളേജ് വിദ്യാർത്ഥികൾക്ക് പാർലമെന്ററി കാര്യങ്ങളിൽ അവബോധമുണ്ടാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ടി. വി. ഇബ്രാഹിം | ശ്രീ. എ.കെ. ബാലൻ<br>പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) സ്കൂൾ - കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ എന്നിവർക്ക് പാർലമെന്ററി കാര്യങ്ങളിൽ അവബോധമുണ്ടാക്കുന്നതിനായി പാർലമെന്ററികാര്യ വകുപ്പ് 2016-17 വർഷത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ട് 2016-17 അദ്ധ്യയന വർഷത്തിൽ 'മതേതര ജനാധിപത്യം' എന്ന വിഷയത്തിൽ ഓരോ നിയമസഭാ മണ്ഡലത്തിലേയും സർക്കാർ/എയിഡഡ് സ്കൂളുകൾ കേന്ദ്രീകരിച്ച് സെമിനാർ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവയും സർക്കാർ/എയിഡഡ് കോളേജുകളിൽ 'മതേതര ജനാധിപത്യം' എന്ന വിഷയത്തെ അധികരിച്ച് സെമിനാറും സംഘടിപ്പിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി 78 സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരവും 38 സ്കൂള്കളിൽ സെമിനാറും 17 സ്കൂളുകളിൽ ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബുകളും 34 സ്കൂളുകളിൽ പാർലമെന്ററി ലിറ്ററസി ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തനം നടത്തിയിരുന്നു. കൂടാതെ 6 കോളേജുകളിൽ സെമിനാറും സംഘടിപ്പിക്കുകയുണ്ടായി. പാർലമെന്ററി ജനാധിപത്യം എന്ന വിഷയത്തെ അധികരിച്ച് ഉപന്യാസ രചന, പ്രസംഗ മത്സരം, ക്വിസ്സ് മത്സരം എന്നിവയും സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് സംസ്ഥാന തലത്തിൽ നടത്തുകയുണ്ടായി. കൂടാതെ 2015- |

തുടരും......

16 അദ്ധ്യയ ന വർഷത്തിലെ മികച്ച പാർലമെന്ററിയൻമാരായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് രണ്ട് ദിവസത്തെ പഠന ക്യാമ്പ് സംഘടിപ്പിച്ച് ആവശ്യമായ തുടർ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. കൊല്ലം ജില്ലയിലെ പഞ്ചായത്ത് പ്രസിഡന്റ്മാർക്ക് ശില്പശാലയും സംഘടിപ്പിച്ചു. പാർലമെന്ററി പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനുമായി 'ജേർണൽ ഓഫ് പാർലമെന്ററി സ്റ്റഡീസ് ' വർഷത്തിൽ രണ്ട് വാല്യങ്ങളായി പ്രസിദ്ധീകരിച്ചു വരുന്നു.

(ബി) 2017-18 വർഷത്തിൽ പാർലമെന്ററി പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നതിനും, അവബോധമുണ്ടാക്കുന്നതിനും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) 2017-18 അദ്ധ്യയന വർഷത്തിൽ ഓരോ നിയോജക മണ്ഡലത്തിലേയും 4 സർക്കാർ/എയിഡഡ് സ്കൂളുകളിൽ വീതം സെമിനാറും 2 സ്കൂളുകളിൽ വീതം യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവ സംഘടിപ്പിക്കുവാൻ തീരുമാനം കൈക്കൊള്ളുകയും 2017-18 അദ്ധ്യയന വർഷാരംഭത്തിൽ തന്നെ പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വിശദീകരിച്ചുകൊണ്ടും തങ്ങളുടെ മണ്ഡലത്തിലെ ഏതെല്ലാം സർക്കാർ/ എയിഡഡ് സ്കൂളുകളെ ടി പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിക്കുവാൻ എല്ലാ എം.എൽ.എ-മാർക്കും കത്തുകൾ നൽകുകയും ഉണ്ടായി. നാളിതുവരെ 78 എം.എൽ.എ മാർ തങ്ങളുടെ മണ്ഡലത്തിലെ സ്കൂളുകൾ തെരഞ്ഞെടുത്ത് അറിയിക്കുകയും ചെയ്തിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ അധികാരികൾക്ക് സെമിനാർ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവ സംഘടിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു. 2017-18-ലെ പാർലമെന്ററി ലിറ്ററസി ക്ലബ്ബിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ഗവ. മോഡൽ ഹയർ സെക്കണ്ടറി സ്കൂളിലും, സ്കൂൾ സെമിനാർ

തുടരും......

| | |
|---|---|
| | സംസ്ഥാനതല ഉദ്ഘാടനം കൊല്ലം ജില്ലയിലെ അഞ്ചൽ വെസ്റ്റ് ഹയർ സെക്കണ്ടറി സ്കൂളിലും സംഘടിപ്പിക്കുകയുണ്ടായി. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ 09/08/2017-ൽ കോളേജ് തല സെമിനാർ സംഘടിപ്പിച്ചു. 24.08.2017-ൽ മഹാത്മ അയ്യങ്കാളിയെ സംബന്ധിച്ച അനുസ്മരണ പ്രഭാഷണം യൂണിവേഴ്സിറ്റി കോളേജിലും 29/08/2017 ന് നിലമേൽ എൻ. എസ്. എസ് കോളേജിൽ കോളേജ്തല സെമിനാറും സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ വിവിധ സ്കൂളുകളിൽ സെമിനാറുകൾ നടന്നു കഴിഞ്ഞിട്ടുണ്ട്. |
| സി) സംസ്ഥാനത്ത് പാർലമെന്ററി പഠനത്തിന് ഗവേഷണ സ്ഥാപനങ്ങളോ, മറ്റേതെങ്കിലും സംവിധാനങ്ങളോ നിലവിലുണ്ടോ എന്നറിയിക്കാമോ;<br>(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) യും (ഡി) യും<br>പാർലമെന്ററി കാര്യ വകുപ്പിന്റെ നിയന്ത്രണത്തിൽ ഗവേഷണ സ്ഥാപനങ്ങളോ മറ്റ് സംവിധാനങ്ങളോ ഒന്നും പ്രവർത്തിക്കുന്നില്ല. |

(signature)

സെക്ഷൻ ഓഫീസർ